# Mathrubhumi

# 23 August 2018

# Kochi, After Flood, Flood Victim

## പ്രളയജലം തുളുമ്പിയ കണ്ണുകൾ

സ്വന്തം ലേഖിക
കൊച്ചി

▸ ആർത്തലച്ചെത്തിയ വെള്ളം മുറിവേൽപ്പിച്ചത് അന്നാമ്മച്ചിയുടെ (പേര് യഥാർഥമല്ല) മനസ്സിനെയാണ്. പ്രളയജലമെന്നപോലെ നിറഞ്ഞുതുളുമ്പിനിൽക്കുന്നു ആ കണ്ണുകൾ ഇപ്പോഴും.

"അമ്മച്ചി ഇപ്പോൾ വലിയ ബഹളമാണ്. വെറുതെ കരയും. ഇടയ്ക്ക് വല്ലാതെ ഒച്ചയുണ്ടാക്കും" -ഡോക്ടറെ കാണിക്കാൻ കാക്കനാട്ടെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ വണ്ടിയിൽ കയറ്റുന്നതിനിടെ സിസ്റ്റർ റോജർ പറഞ്ഞു. കുത്തിയതോട് സ്നേഹസദൻ വൃദ്ധസദനത്തിലാണ് അന്നാമ്മച്ചിയുടെ താമസം. 80 വയസ്സുണ്ട്.

"കാറ്റും മഴയും ഒഴുക്കുമൊക്കെ അടുത്തുനിന്നു കണ്ടതല്ലേ ഇവരെല്ലാം. അതിന്റെ പ്രശ്നമാണ്. പതിയെ എല്ലാം ശരിയായിക്കോളും." -സ്നേഹസദനിലെ സിസ്റ്റർ റോജറിന്റെ വാക്കുകൾ. 35 പേരുണ്ട് സ്നേഹസദനിൽ. കഴിഞ്ഞദിവസങ്ങളിൽ ഇവിടെ പ്രായമായ രണ്ട് അമ്മമാർക്കുകൂടി മാനസികാരോഗ്യ വിദഗ്ധന്റെ സഹായം ആവശ്യംവന്നു.

പള്ളിമേട തകർന്ന് ആറുപേർ മരിച്ച കുത്തിയതോട് സെയ്ന്റ് സേവ്യേഴ്സ് പള്ളിയിൽനിന്ന് വിളിപ്പാടകലമേയുള്ളൂ സ്നേഹസദനിലേക്ക്. പള്ളിയെന്നപോലെ സ്നേഹസദനെയും വെള്ളം ഒരു തുരുത്താക്കിമാറ്റിയിരുന്നു. റോഡിൽനിന്ന് പൂമുഖവും കടന്ന് വെള്ളം അകത്തേക്ക് കടക്കാൻ തുടങ്ങിയപ്പോൾ എല്ലാവരെയും മുകൾനിലയിലേക്കുമാറ്റി. ഒന്നാം നിലയുടെ ഉയരത്തിൽവരെയെത്തി വെള്ളം.

നാട്ടുകാരിൽ ചിലരും ഇവിടെ അഭയം തേടിയിരുന്നു. നാലു ദിവസത്തിനുശേഷമാണ് കുത്തിയതോടിന് പുറംലോകവുമായി ബന്ധപ്പെടാനായത്. "അതൊന്നും അത്ര പെട്ടെന്ന് മറക്കാനാകില്ലല്ലോ..." -റോജറിന്റെ വാക്കുകൾ.



**അനിശ്ചിതത്വം...**

ചെങ്ങമനാട് പ്രദേശത്തെ ദുരിതാശ്വാസ ക്യാമ്പിലെ ദൃശ്യം |-ഫോട്ടോ: വി.എസ്. ഷൈൻ

### ഞങ്ങളെന്തു ചെയ്യും

"മാറിയുടുക്കാൻ അടിവസ്ത്രം പോലുമില്ല. പാവം പെണ്ണുങ്ങളെന്തു ചെയ്യാനാണ്". -കുറുമശ്ശേരി സ്വദേശിനി സുഭാഷിണി ചോദിക്കുന്നു. പാറക്കടവിലെ ഒരു ദുരിതാശ്വാസ ക്യാമ്പിലാണ് സുഭാഷിണിയെ കണ്ടത്.

ക്യാമ്പിൽ കൂടുതലും സ്ത്രീകളാണ്. മാറിയുടുക്കാനില്ലാതെ നനഞ്ഞുകുതിർന്നാണ് പലരും ക്യാമ്പിലേക്കെത്തിയത്. അവസ്ഥ കേട്ടറിഞ്ഞതോടെ പലഭാഗങ്ങളിൽനിന്നായി ഭക്ഷണവും വെള്ളവും വസ്ത്രവുമെല്ലാം ക്യാമ്പിലേക്കെത്താൻ തുടങ്ങി.

ഇക്കൂട്ടത്തിൽ ഒരു വലിയ ചാക്കുനിറയെ പാൻറീസുമെത്തി. 5000 എണ്ണമുണ്ടായിരുന്നു ചാക്കിൽ. വിവരമറിഞ്ഞ് ക്യാമ്പിലെ സ്ത്രീകളെല്ലാം അതുവാങ്ങാനെത്തി. പക്ഷേ, ഒരെണ്ണംപോലും ഉപകാരപ്പെട്ടില്ല. എല്ലാം വലിയ സൈസ്. ക്യാമ്പിലെ വസ്ത്രങ്ങൾക്കിടയിൽ കൂട്ടിയിട്ടിരിക്കുന്ന പാൻറീസ് ചൂണ്ടിക്കാട്ടി സുഭാഷിണി പറഞ്ഞു.

"ആവശ്യത്തിന് അടിവസ്ത്രങ്ങളൊന്നും ഇവിടെ കിട്ടിയിട്ടില്ല. പാഡിന്റെ പ്രശ്നവും ആദ്യമുണ്ടായിരുന്നു. പക്ഷേ, പിന്നീട് കുറേ കിട്ടി" -ക്യാമ്പിലുള്ള ഷീല പറഞ്ഞു.

അയിരൂരിലെ ക്യാമ്പിൽ കണ്ട ലക്ഷ്മിക്ക് പറയാനുള്ളത് ടോയ്‌ലറ്റിന്റെ പ്രശ്നങ്ങളാണ്: "ഒരു ടോയ്‌ലറ്റാണുള്ളത്. പാഡൊന്ന് മാറ്റേണ്ട... അതിന് ആളൊഴിയുന്നത് കാത്തുനിൽക്കേണ്ടിവന്നു."